പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2157     10-10-2011-ൽ മറുപടിയ്ക്ക്

## മീനച്ചിൽ പദ്ധതി

ചോദ്യം : ശ്രീ.എ.എം.ആരിഫ്

ഉത്തരം: പി.ജെ.ജോസഫ്
(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

(എ) മീനച്ചിൽ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പദ്ധതി കൊണ്ടുള്ള ഗുണം എന്തെല്ലാമാണ്; എത്ര കോടിരൂപയാണ് പദ്ധതിയുടെ നിർമ്മാണ ചെലവ് പ്രതീക്ഷിക്കുന്നത്; ഇതിലേക്ക് ആവശ്യമായ വെള്ളം എവിടെനിന്നാണ് സംഭരിക്കുന്നത്;

(സി) ഇതിന്റെ ഫീസിബിലിറ്റി സ്റ്റഡി ഈ പദ്ധതിക്ക് അനുകൂലമല്ല എന്ന വിവരം അറിയാമോ;

(ഡി) മൂവാറ്റുപുഴ ആറിന്റെ സ്രോതസ്സിൽ നിന്നും എന്തെല്ലാം പദ്ധതികൾക്കായി എത്രത്തോളം വെള്ളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) ചേർത്തല ജെ.ഐ.സി.എ പ്രകാരമുള്ള പദ്ധതിക്ക് പ്രതിദിനം വേണ്ടി വരുന്ന വെള്ളം എത്രയാണ്;

(എഫ്) മീനച്ചിൽ പദ്ധതി നടപ്പിലാക്കിയാൽ ചേർത്തല പദ്ധതിക്കുള്ള വെള്ളം മൂവാറ്റുപുഴ ആറിൽ * ഉണ്ടാകില്ല എന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) മൂലമറ്റം പദ്ധതി ഉപയോഗത്തിനു ശേഷം മൂവാറ്റുപുഴ ആറിലേയ്ക്ക് ഒഴുകിയെത്തുന്ന വെള്ളം എത്രയെന്ന് വ്യക്തമാക്കുമോ?

(എ) , (ബി) ; (സി), (ഡി), (ഇ) (എഫ്)(ജി)

23-07-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം മീനച്ചൽ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ധസമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ